# വാർഷിക പദ്ധതിയിലെ ഊന്നൽ

വി.എസ്. അച്യുതാനന്ദൻ

നേരിനൊപ്പം

22.01.2009

സംസ്ഥാനത്തിന്റെ അടുത്ത വാർഷിക പദ്ധതി രൂപരേഖയ്ക്ക് ഫെബ്രുവരി മൂന്നിന് ദില്ലി യിൽ ആസൂത്രണ കമ്മീഷനുമായി നടക്കുന്ന ചർച്ചക്ക്ശേഷം അന്തിമരൂപമാകും. സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകരിച്ച് സമർപ്പിച്ച കരട് രൂപരേഖ ചൊവ്വാഴ്ചത്തെ മന്ത്രിസഭായോഗം അംഗീകരിച്ചു കഴിഞ്ഞു.

8650 കോടി രൂപയുടെ വാർഷിക പദ്ധതിയാണ് ഇപ്പോൾ അംഗീകരിച്ചിട്ടുള്ളത്. ആസൂ ത്രണ കമ്മീഷനുമായി ചർച്ച നടത്തി ആ തുക കുറെക്കൂടി വർധിപ്പിക്കാൻ പര്യാപ്തമായ ഗ്രാന്റ് നേടിയെടുക്കാൻ ശ്രമിക്കും, അതായത് പദ്ധതി തുക ഇനിയും കൂടുമെന്നർത്ഥം. നടപ്പ്സാമ്പത്തികവർഷത്തെ പദ്ധതി അടങ്കൽ 7,700 കോടി രൂപയുടേതാണ്. അതുമായി തട്ടിച്ചുനോക്കുമ്പോൾ കരട് പദ്ധതി അടങ്കൽതന്നെ 12.33 ശതമാനത്തിന്റെ വളർച്ച കാണി ക്കുന്നു.

സംസ്ഥാനത്തിന്റെ അടുത്ത വാർഷിക പദ്ധതിയുടെ സവിശേഷത അടങ്കൽ തുക ഇപ്പോൾത്തന്നെ 12.33 ശതമാനം വർധിക്കുന്നു എന്നതല്ല. കാർഷിക-വ്യവസായ രംഗങ്ങ ളിലെ മാന്ദ്യമകറ്റി ഉല്പാദനം ഗണ്യമായി വർധിപ്പിക്കുന്നതിൽ അത് ഊന്നൽ നൽകുന്നുവെന്നതാണ് പ്രധാനം. കൃഷി, ചെറുകിട വ്യവസായങ്ങൾ, ദുർബലവിഭാഗങ്ങ ളുടെ ക്ഷേമം എന്നീകാര്യങ്ങളാണ് മുഖ്യപരിഗണനാവിഷയങ്ങൾ.

കൃഷിക്കും കൃഷി അനുബന്ധമേഖലകൾക്കുമായി നടപ്പ് പദ്ധതിയിൽ 312.71 കോടി രൂപ യാണ് നീക്കിവെച്ചിരുന്നതെങ്കിൽ അടുത്ത പദ്ധതിയിൽ 417.40 കോടി രൂപ നീക്കിവെക്കു ന്നു. 104.69 കോടി രൂപ അഥവാ 33.48 ശതമാനം അധികമാണിത്. ഗ്രാമവികസനത്തിന് നടപ്പ് വർഷം 264.75 കോടിയായിരുന്നുവെങ്കിൽ പത്ത് ശതമാനം വർധിപ്പിച്ച് 291.22 കോടി രൂപയായി വരും വർഷത്തേക്ക് വകയിരുത്തിയിരിക്കുന്നു. വൈദ്യുതോല്പാദന - വിതര ണരംഗങ്ങൾക്കായി നടപ്പ് പദ്ധതിയിൽ 873 കോടി രൂപയാണ്. അടുത്ത വാർഷിക പദ്ധതി യിൽ 997.56 കോടി രൂപയാണ് നീക്കിവെക്കുന്നത്. 124.56 കോടി രൂപയുടെ, അതായത് 14.27 ശതമാനത്തിന്റെ വർധന. വ്യവസായ മേഖലയ്ക്കായി 221 കോടി രൂപയായിരുന്ന

സ്ഥാനത്ത് 279.32 കോടി രൂപ, അതായത് 26.39 ശതമാനം വർധിപ്പിച്ച് വകയിരുത്തിയിരിക്കുന്നു.

സാമൂഹ്യസേവനമേഖലകൾക്കായി 2,210 കോടിയാണ് നടപ്പ് പദ്ധതിയിൽ. അത് 2,948.74 കോടി രൂപയായി വർധിപ്പിക്കുകയാണ്. 33.42 ശതമാനം അധികം. അതിൽത്തന്നെ പട്ടികജാതി - പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമത്തിലാണ് സർക്കാർ ഏറ്റവുമധികം ഊന്നൽ നൽകുന്നത്. 241.22 കോടി രൂപയാണ് നടപ്പ് പദ്ധതിയിലെ വിഹിതം. അത് 404.67 കോടി രൂപയായി കുത്തനെ വർധിപ്പിക്കുകയാണ്. 163.45 കോടി രൂപയുടെ, അതായത് 67.76 ശതമാനത്തിന്റെ വർധന. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നടപ്പ് പദ്ധതിയിൽ 1,877.51 കോടിയാണ് വെച്ചത്. വരുംവർഷത്തെ പദ്ധതിയിലാകട്ടെ 11 ശതമാനത്തിന്റെ വർധന വരുത്തി 2085.13 കോടിയാക്കിയിരിക്കുന്നു.

വിദേശസഹായമുള്ള പദ്ധതികൾ, കേന്ദ്രസഹായം, പന്ത്രണ്ടാം ധനകാര്യകമ്മീഷന്റെ വിഹിതം, വൈദ്യുതിമേഖല, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നെല്ലാം ലഭ്യമാകാവുന്ന വിഭവങ്ങളും വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൃഷി, കന്നുകാലി ഉൽപ്പാദനം, പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി, ദുർബലവിഭാഗങ്ങളുടെ ഉന്നമനം എന്നിവയ്ക്കാണ് പദ്ധതിയിൽ പ്രധാനമായും ഊന്നൽ നൽകിയിട്ടുള്ളത്. കാപ്പി, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവ കൃഷി ചെയ്യുന്ന ചെറുകിട കർഷകരെ ലാക്കാക്കി ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെയും അതേ തുടർന്നുള്ള വിലത്തകർച്ചയുടെയും പശ്ചാത്തലത്തിൽ വില സുരക്ഷാപദ്ധതി സ്ഥാപിക്കുന്നതിനും പദ്ധതിയിൽ നിർദ്ദേശമുണ്ട്. സാമൂഹ്യസേവനമേഖല പൊതുവിലും, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലയ്ക്ക് പ്രത്യേകിച്ചും വേണ്ടത്ര പരിഗണന നൽകിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2085 കോടി രൂപയുടെ പദ്ധതിയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുവേണ്ടി, "ഇ.എം.എസ്. ഭവന പദ്ധതി", ഭവനനിർമ്മാണ വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് എം.എൻ. ലക്ഷം വീടുകളുടെ നവീകരണം എന്നിങ്ങനെയുള്ള ബൃഹത്തായ പദ്ധതികളും വിഭാവനം ചെയ്തിരിക്കുന്നു. ഈ പദ്ധതികൾ ജനക്ഷേമകരമായ ഫലങ്ങൾ, പ്രത്യക്ഷമായി ഉളവാക്കുന്നത് കൂടാതെ സാമ്പത്തിക മാന്ദ്യ കാലഘട്ടത്തിൽ തൊഴിലവസരങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും സഹയാകമാകും.

പ്രത്യേക ഘടകപദ്ധതി പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവയ്ക്കായി മൊത്തം പദ്ധതിയുടെ 11.81 ശതമാനമായ 1,021.57 കോടി രൂപയാണ് 2009-10 വാർഷിക പദ്ധതിയിൽ നിശ്ചയിച്ചിട്ടു

ള്ളത്. വികസനവകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതവുമാ യാണിത്.

പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതിയുടെ നടത്തിപ്പിൽ മുൻകാലങ്ങളിൽ നില നിന്നിരുന്ന സാങ്കല്പിക വിഹിതം ഈ വാർഷിക പദ്ധതിയോടെ അവസാനിപ്പിക്കുകയെ ന്നുള്ളതാണ് 2009-10 ലെ വാർഷിക പദ്ധതിയുടെ ഒരു പ്രത്യേകത. മുൻകാലങ്ങളിൽ പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവയുടെ വിഹിതത്തിന്റെ ഒരു ഭാഗം പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ക്ഷേമത്തിനുപകരിക്കുന്ന പദ്ധതിക്കായി വിവിധ വകുപ്പുകൾക്ക് നീക്കിവെച്ചിരുന്നു. ഇത് പൂർണ്ണമായും നിർത്തലാക്കുകയാണ്. പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പുകളുമായി ചർച്ച ചെയ്തശേഷം, പട്ടിക ജാതി/പട്ടികവർഗ്ഗ ജനങ്ങൾക്ക് പ്രത്യക്ഷത്തിൽ ഗുണം ലഭിക്കുന്ന പദ്ധതികൾക്ക് ആസൂ ത്രണ ബോർഡ് അംഗീകാരം നൽകുകയും അത്തരം പദ്ധതികൾക്ക് മാത്രം പ്രത്യേക ഘട കപദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതിയിൽ നിന്നും വിഹിതം അനുവദിക്കുകയും ചെയ്യുക യാണ്.

ഭക്ഷ്യോല്പാദന വർദ്ധനക്കുള്ള ഒരു സമഗ്ര കർമ്മപദ്ധതി ആവിഷ്ക്കരിച്ച് മുന്നോട്ടുപോ വുകയാണ് നാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീ സംഘങ്ങളുമെല്ലാം വർധിച്ച ഉത്സാഹത്തോടെയാണ് കാർഷികരംഗത്ത് ഇടപെടാൻ തുടങ്ങിയിരിക്കുന്നത്. ഭക്ഷ്യോല്പാദന വർധനയാണ് ഏറ്റവുമധികം ഊന്നൽ നൽകേണ്ട മേഖലയെന്ന് അടുത്ത വാർഷികപദ്ധതി സമീപനരേഖ വ്യക്തമാക്കുന്നു. നാണ്യവിളകൾക്ക് കൂടുതൽ പ്രാധാന്യവും ഭക്ഷ്യവിളകൾക്ക് അവഗണനയുമെന്നതാണ് കഴിഞ്ഞ കുറേക്കാലമായി നടപ്പ്. ഇത് രണ്ടുതരത്തിൽ ബാധിക്കുന്നു. ആഗോളവിപണിയുമായി ബന്ധപ്പെട്ടതെന്നതി നാൽ നാണ്യവിളകളുടെ വിലത്തകർച്ച നമുക്ക് ഭയങ്കര വെല്ലുവിളിയാണ്. കേന്ദ്രം റേഷൻ വിഹിതം വെട്ടിക്കുറക്കുന്നതിനാൽ ഭക്ഷ്യധാന്യങ്ങൾക്ക് കടുത്ത കമ്മിയും വിലക്കയറ്റവു മുണ്ടാകുന്നു. ഈ സാഹചര്യത്തെ അതിജീവിക്കാൻ കഴിയണമെന്നതാണ് കാഴ്ചപ്പാട്. അതനുസരിച്ചാണ് കൃഷിക്കും അനുബന്ധമേഖലകൾക്കുമുള്ള വിഹിതം ഗണ്യമായി വർധിപ്പിച്ചത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിലും ഗണ്യമായ ഭാഗം ഈ മേഖലകൾക്ക് മുതൽക്കൂട്ടാകും. സേവനമേഖലയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ യുള്ള ദശലക്ഷക്കണക്കായ ജനങ്ങൾക്ക് ആരോഗ്യ സുരക്ഷാപദ്ധതി നടപ്പാക്കുന്നതിനും പദ്ധതി ഊന്നൽ നൽകുന്നു.

ആഗോളസാമ്പത്തികമാന്ദ്യത്തിന്റെ ദുരിതങ്ങൾ കേരളത്തിലും വൻതോതിൽ അനുഭവ പ്പെടാൻ പോവുകയാണ്. മത്സ്യോല്പന്നങ്ങൾ ഉൾപ്പെടെ ഇവിടെനിന്നുമുള്ള കയറ്റുമതി യിൽ പത്ത് ശതമാനത്തിലേറെ ഇടിവ് ഇപ്പോൾത്തന്നെ സംഭവിച്ചു കഴിഞ്ഞു. ഗൾഫ്

മേഖലയിൽ അനുഭവപ്പെടുന്ന മാന്ദ്യം വൻതോതിൽ തിരിച്ചുവരവിനിടയാക്കിയേക്കാം. ഇങ്ങനെയുള്ള സാഹചര്യത്തിൽ കേന്ദ്രത്തിന്റെ സമീപനം സഹായകരമാകുന്നില്ലെങ്കിൽ പ്രതിസന്ധി രൂക്ഷമാകും. എന്നാൽ സംസ്ഥാനങ്ങൾക്കനുകൂലമായ സാമ്പത്തികനിലപാടുകൾ സ്വീകരിക്കാൻ കേന്ദ്രം സന്നദ്ധമാകുന്നില്ല.

പതിമൂന്നാം ധനകാര്യകമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. സംസ്ഥാനങ്ങൾക്കുള്ള കേന്ദ്രനികുതി വിഹിതം 30.5 ൽ നിന്ന് 50 ശതമാനമായി വർദ്ധിപ്പിക്കണമെന്നാണ് സംസ്ഥാന ഗവൺമെന്റ് ധനകാര്യകമ്മീഷനോട് ആവശ്യപ്പെടുന്നത്. പൊതുവിപണിയിൽ നിന്നുള്ള കടമെടുപ്പിന്റെ പരിധി 20 ശതമാനത്തിൽ നിന്നും ക്രമാനുഗതമായി വർദ്ധിപ്പിച്ച് 50 ശതമാനമായി ഉയർത്തണമെന്നും സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടുന്നു. സംസ്ഥാനത്തിന്റെ ചുമതലയിലും ഉത്തരവാദിത്തത്തിലുംവരുന്ന മേഖലകളിൽ കേന്ദ്രപദ്ധതികൾ കടന്നുകയറാൻ പാടില്ലെന്നാണ് സംസ്ഥാനത്തിന്റെ നിലപാട്. സംസ്ഥാനത്തിന്റെ പരിധിയിൽ വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന പദ്ധതിയിലേക്ക് കൈമാറുകയാണ് വേണ്ടത്.

ജനസംഖ്യ, ഭൂവിസ്തൃതി, പിന്നോക്കാവസ്ഥ, വികേന്ദ്രീകരണം എന്നിവ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിവിഹിതം നിശ്ചയിക്കണമെന്നും കേരളം ആവശ്യപ്പെടുന്നു.

പതിമൂന്നാം ധനകാര്യകമ്മീഷന് സമർപ്പിക്കുന്ന മേൽപ്പറഞ്ഞതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ അടങ്ങിയ നിവേദനത്തിന്റെ കാഴ്ചപ്പാടുകൂടിവെച്ചാണ് അടുത്ത വാർഷിക പദ്ധതി സംബന്ധിച്ച് ആസൂത്രണകമ്മീഷനുമായി ചർച്ച നടത്തുന്നത്.